# കേരളത്തിലെ ധോളുകൾ



## എന്താണ് ഒരു ധോൾ ?

തെക്ക്, തെക്കുകിഴക്കൻ ഏഷ്യയിലെ വനങ്ങളിൽ കാണപ്പെടുന്ന മാംസഭുക്കുകളാണ് ധോളുകൾ (ഏഷ്യൻ കാട്ടുനായ്ക്കൾ). 2 മുതൽ 25 വരെ അംഗങ്ങൾ അടങ്ങുന്ന കൂട്ടങ്ങൾ ആയിട്ടാണ് ധോളുകൾ താമസിക്കുന്നത്. ധോളുകൾ പലതരം ഇരകളെ ഭക്ഷിക്കുന്നു– ചെറിയ മുയൽ മുതൽ കൂറ്റൻ ഗൗർ വരെ.

ലോകത്ത് ഏറ്റവും കൂടുതൽ ധോളുകൾ ഉള്ളത് ഇന്ത്യയിലാണ്. പശ്ചിമഘട്ടത്തിലും മധ്യ ഇന്ത്യയിലും വടക്കുകിഴക്കൻ ഇന്ത്യയിലുമാണ് ഭൂരിഭാഗം ധോൾ ജനസംഖ്യയും കാണപ്പെടുന്നത്.











### വയനാട്ടിലെ ധോളുകൾ




## കേരളത്തിലെ ധോളുകൾ

കേരളത്തിലെ പശ്ചിമഘട്ടം ധോളുകൾക്ക് (മലയാളത്തിൽ ചെന്നായി അല്ലെങ്കിൽ കാട്ടുപട്ടി എന്ന് വിളിക്കുന്നു) വളരെ പ്രധാനമാണ്. രാജ്യത്തെ ധോൾ ജനസംഖ്യയുടെ പദവിയിൽ കേരളം അഞ്ചാം സ്ഥാനത്താണ്.

വയനാട്, പറമ്പിക്കുളം, പെരിയാർ തുടങ്ങിയ സംരക്ഷിത പ്രദേശങ്ങൾ വലിയ തോതിൽ ധോൾ ജനസംഖ്യയെ നിലനിർത്തുന്നു. അതേ സമയം കാപ്പി, തേയില, ഏലം തോട്ടങ്ങൾ, ചെറിയ തോതിൽ ധോൾ ജനസംഖ്യയെ നിലനിർത്തുകയും ഭൂപ്രദേശ സമ്പർക്ക ശേഷി (landscape connectivity) ഉറപ്പുവരുത്തുകയും ചെയ്യുന്നു.

2019-ൽ, വയനാട്ടിലെ ഞങ്ങളുടെ വിവരശേഖരണം ലോകത്തിലെ ആദ്യത്തെ ധോൾ ജനസംഖ്യാ കണക്കെടുപ്പിന് കാരണമായി. ധോൾ കാഷ്ഠത്തിൽ നിന്ന് ലഭിച്ച ജനിതക വിവരങ്ങളുടെ അടിസ്ഥാനത്തിൽ, വയനാട് വന്യജീവി സങ്കേതത്തിൽ നിലവിൽ 50 ഓളം ധോളുകളുണ്ടെന്ന് ഞങ്ങൾ കണ്ടെത്തി.

## നമ്മൾ എന്തിന് ധോളുകളെ സംരക്ഷിക്കണം ?

ലോകത്ത് ഏറ്റവും കൂടുതൽ വംശനാശ ഭീഷണി നേരിടുന്ന മാംസഭുക്കുകളിൽ ഒന്നാണ് ധോളുകൾ. ആവാസവ്യവസ്ഥയുടെ നഷ്ടം, ഇര മൃഗങ്ങളുടെ കുറവ്, വളർത്തു നായകളുടെ എണ്ണത്തിൽ ഉണ്ടാക്കുന്ന വർദ്ധനവ് എന്നിവ ധോളുകളുടെ എണ്ണം കുറയുന്നതിനു കാരണം ആകുന്നു.










വനസമൃദ്ധി നിലനിർത്തുന്നതിൽ ധോളുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. വയനാട്, പറമ്പിക്കുളം, നെന്മാറ, പെരിയാർ, കോട്ടയം, റാന്നി എന്നിവിടങ്ങളിലെ ഞങ്ങളുടെ ഗവേഷണങ്ങൾ ധോളുകളെ നിരീക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും കേരള വനം-വന്യജീവി വകുപ്പിനെ സഹായികുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.

Cover Image | Anoop Ronald
Poster Design | Arjun Srivathsa

The Dhole Project · Government of Kerala · ncbs national centre for biological sciences · WCS India · विज्ञान एवं प्रौद्योगिकी विभाग DEPARTMENT OF SCIENCE & TECHNOLOGY · The Rufford Foundation · WCN Wildlife Conservation Network · The Conservation, Food & Health Foundation